# എന്തൊരു റേഞ്ച്...!

ഷെറിൻ മുഹമ്മദ്

Story Dated: Thursday, February 16, 2012 17:37 hrs IST

Print | E-mail | Share Text Size



ആശയങ്ങൾ നിറച്ച മൂന്നു തലകളും കഠിനാധ്വാനം ചെയ്യാനുള്ള മനസ്സും... എൻജിനീയറിങ് പഠനം പാതിവഴിക്കുവിട്ട് മുൻപരിചയമില്ലാത്തൊരു ബിസിനസിലേക്ക് എടുത്തുചാടുമ്പോൾ അവർക്ക് കൈമുതലായുണ്ടായിരുന്നത് അതു മാത്രം. തിരഞ്ഞെടുത്ത ബിസിനസിനേക്കാൾ ശ്രദ്ധേയമായിരുന്നു തിരഞ്ഞെടുത്ത സ്ഥലം, അഥവാ മാർഗം. കിടിലൻ ഐടി ബിസിനസ് ഐഡിയകളെ അടവച്ച് വിരിയിക്കാൻ സഹായിക്കുന്ന ടെക്നോപാർക്കിലെ ഇൻക്യുബേഷൻ പരിപാടിയിൽ അവർ തങ്ങളുടെ ആശയവും വച്ചു, അഞ്ചു വർഷം മുൻപ്. സഞ്ജയ് വിജയകുമാർ, ടോണി ജോയ്, വിവേക് ഫ്രാൻസിസ് എന്നിവരായിരുന്നു അവർ. ഒരു കമ്പനി എങ്ങനെ റജിസ്റ്റർ ചെയ്യണമെന്നതുൾപ്പെടെ അടിസ്ഥാന കാര്യങ്ങളെക്കുറിച്ചുപോലു ം തുടക്കത്തിൽ യാതൊരു ധാരണയുമില്ലായിരുന്നു. ഇന്ന് ഇന്ത്യയിലെ ഏറ്റവും വളർച്ചയുള്ള ടെലികോം അനുബന്ധ സേവന കമ്പനികളിലൊന്നായ മോബ് മി വയർലെസ് സൊല്യൂഷൻസിന്റെ ഉടമകളാണിവർ.

85 കഴിവുറ്റ യുവാക്കളുടെ ടീം. തിരുവനന്തപുരം, കൊച്ചി, മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ ഓഫിസ്. ഇന്ത്യയിലെ ഏറ്റവും വലിയ ജിപിആർഎസ് സബ്സ്ക്രിപ്ഷൻ സർവീസ്. കമ്പനിയിലെ ജീവനക്കാരുടെ ശരാശരി പ്രായം 23 ആണ്. ഇതിൽ എത്ര കൂടുന്നുവോ കമ്പനിക്ക് അത്രയും കാര്യക്ഷമത കുറയും എന്നാണ് കമ്പനി സിഇഒ സഞ്ജയ് വിജയകുമാറിന്റെ അഭിപ്രായം. മൊബ് മിയുടെ നേതൃത്വത്തിൽ ടെലികോം മേഖലയിൽ രാജ്യത്തെ ആദ്യ ഇൻക്യുബേഷൻ കേന്ദ്രം കളമശേരിയിലെ കിൻഫ്ര പാർക്കിൽ ‘സ്റ്റാർട്ട് അപ് വില്ലേജ് എന്ന പേരിൽ ഒരുമാസത്തിനുള്ളിൽ തുടങ്ങാൻ പോവുകയാണ്. ക്യാംപസുകളിലും മറ്റും ഉണ്ടാകുന്ന ടെലികോം ടെക്നോളജി ആശയങ്ങൾ പ്രോത്സാഹിപ്പിച്ചു സംര ംഭത്തിലെത്തിക്കുകയാണു ലക്ഷ്യം.

Print | E-mail | Share